**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **15-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2011-12 അധ്യയന വർഷം മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടുകയും പിന്നീട് തസ്തിക നഷ്ടം മൂലം പുറത്തുപോകേണ്ടി വരികയും ചെയ്ത അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ചില വ്യവസ്ഥകളോടെ 14-07-2022 തീയതിയിലെ സ.ഉ(അച്ചടി) നം.08/2022/പൊ.വി.വ പ്രകാരം സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന കാലയളവിൽ മാതൃസ്കൂളിൽ പുനർനിയമിക്കപ്പെട്ട് തുടർന്ന് വന്നതിനാൽ ഈ ആനുകൂല്യത്തിന് പരിഗണിക്കപ്പെടാതെ പോവുകയും 2023-24 വർഷത്തിൽ തസ്തിക നഷ്ടപ്പെടുകയും ചെയ്ത കുന്ദമംഗലം ഉപജില്ലയിലെ പറമ്പിൽ കടവ് എം.എ.എം. യു.പി. സ്കൂൾ ജൂനിയർ അറബിക് അദ്ധ്യാപിക സജ്ന ഇ.കെ., സ.ഉ. നമ്പർ 8/2022/ പൊ.വി.വ. സർക്കാർ ഉത്തരവിന്റെ ആനുകൂല്യം തനിക്കും അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എസ് സി3/219/2023-ജിഇഡിഎൻ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | 14-07-2022 തീയതിയിലെ സ.ഉ.(അച്ചടി)നം.8/2022/പൊ.വി.വ. ഉത്തരവിന്റെ ആനുകൂല്യം തനിക്കും നൽകണമെന്ന് ആവശ്യപ്പെട്ട് 12-09-2023 തീയതിയിൽ ശ്രീമതി.സജ്ന.ഇ.കെ സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 20-09-2023-ലെ എസ്.സി3/219/2023 നം.കത്ത് പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ 09-02-2024 ന് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഹർജിക്കാരിയുടെ ആവശ്യം എസ്.സി3/219/2023/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത സംരക്ഷണ ആനുകൂല്യം സജ്ന ഇ.കെ.യ്ക്ക് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഈ ഫയലിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | 2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായി നിയമനാംഗീകാരം ലഭിച്ച് തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകർക്ക് ഡി.ജി.ഇ യുടെ 5/08/2022-ലെ എച്ച്2/10483/2022/ഡി.ജി.ഇ ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു. എന്നാൽ ശ്രീമതി.സജ്ന ഇ.കെ 15/07/2019-ന് പുനർ നിയമിക്കപ്പെട്ട് അംഗീകാരം നേടിയതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാരിയുടെ തസ്തിക 15-07-2023-ന് മാത്രമാണ് നഷ്ടപ്പെടുന്നത്. ഹർജിക്കാരിക്ക് 14-07-2022 ലെ സ.ഉ.(അച്ചടി)നം.8/2022/പൊ.വി.വ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് നൽകാൻ |

| | | | |
|---|---|---|---|
| | | | കഴിയുമോ എന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**ഭരണഭാഷ - മാതൃഭാഷ**

നം: ജി3/16559/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 09-02-2024
*ഫോൺ നമ്പർ :0471-2580562*
*ഇ-മെയിൽ:supdtg.dge@kerala.gov.in*

പ്രേക്ഷകന്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

**സെക്രട്ടറി,**
പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-എയ്ഡഡ് പ്രൈമറി - ശ്രീമതി സജ്ന .ഇ .കെ , പറമ്പിൽക്കടവ് എം എ എം യു പി എസ് -സംരക്ഷണാനുകൂല്യം -സംബന്ധിച്ച്.

സൂചന :- 1. 20/09/2023 ലെ സർക്കാർ കത്ത് നം എസ്.സി 3./219/2023/പൊ.വി
2. കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 09/02/2024 ലെ B4/1547/2024 നം. റിപ്പോർട്ട്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർക്കുന്നു .
കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽപ്പെട്ട പറമ്പിൽ കടവ് എം.എ.എം യു.പി സ്കൂളിലെ ജൂനിയർ അറബിക് അധ്യാപിക ശ്രീമതി.സജ്ന ഇ.കെ ,സ.ഉ നം. 8/2002/പൊ.വി.വ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം തനിക്കും അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടാണ് സർക്കാരിന് അപേക്ഷ നൽകിയിരിക്കുന്നത് .
പ്രസ്തുത സ്കൂളിൽ 2011-12 വർഷം പുതുതായി അനുവദിക്കപ്പെടുമെന്ന് പ്രതീക്ഷിച്ച ലോവർ ഗ്രേഡ് അറബിക് തസ്തികയിൽ മാനേജർ ശ്രീമതി. ഇ.കെ. സജ്ന- യെ 01/06/2011 മുതൽ നിയമിച്ചിരുന്നു. 2011-12 വർഷത്തിലെ അധിക തസ്തികകൾ അംഗീകരിക്കാനോ നിയമനം അംഗീകരിക്കാനോ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിയമനം കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായി. പിന്നീട് സ ഉ(പി)നം.29/2016 പൊ വി തീയ്യതി 20/01/2016 പ്രകാരം തസ്തിക പുനർ നിർണ്ണയം നടത്തിയപ്പോഴും സ്കൂളിൽ അധിക ലോവർ ഗ്രേഡ് തസ്തിക അനുവദിച്ചിരുന്നില്ല.

ഈ വിഷയത്തിൽ മാനേജരുടെ റിവിഷൻ ഹരജി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/01/2018 ലെ ആർ എ( 4)561/2017/ഡി പി ഐ/ഡി ഡി സ് നം. ഉത്തരവ് പ്രകാരം തീർപ്പാക്കിക്കൊണ്ടുള്ള

ഉത്തരവിൽ 2011-12, 2012-13 വർഷങ്ങളിലേക്ക് ഒരു എൽ.ജി അറബിക് തസ്തിക അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ 2011-12, 2012-13, വർഷങ്ങളിലെ തസ്തികകൾ കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/08/2018 ലെ ഡി ഡി സ് സി/4406/2017 നം. തസ്തിക പുനർ നിർണ്ണയ ഉത്തരവ് പ്രകാരം പുനർ നിർണ്ണയിക്കുകയും പ്രസ്തുത വർഷങ്ങളിൽ ഒരു എൽ.ജി അറബിക് തസ്തിക കൂടി അനുവദിക്കുകയും ചെയ്തു.

പറമ്പിൽക്കടവ് എം എ എം യു പി സ്കൂളിൽ 2011-12 വർഷം ഉണ്ടായ അധിക അറബിക് തസ്തികയിൽ കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസറുടെ 12/11/2018 ലെ സി/4077/2018 ഉത്തരവ് പ്രകാരം ശ്രീമതി സജ്ന ഇ കെ യ്ക്ക് 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ചു. പ്രസ്തുത ജോലിയിൽ തുടരവെ 2013-14 വർഷം കെട്ടിടങ്ങളുടെ സുരക്ഷാ സംബന്ധിച്ച കാരണത്താൽ 14/07/2013 വരെ മാത്രമേ സേവനത്തിൽ തുടരുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ളൂ. 15/07/2013 മുതൽ 14/07/2019 വരെ ടിയാരി തസ്തിക നഷ്ടപ്പെട്ട് പുറത്തുനിൽക്കുകയാണുണ്ടായത്.

2019-20 വർഷത്തിലെ കുട്ടികളുടെ വർദ്ധനവ് മൂലം ഒരു അറബിക് തസ്തിക അനുവദിക്കുകയും ഈ അധിക തസ്തികയിലേക്ക് മാനേജർ 51 A അവകാശിയായ ശ്രീമതി.സജ്ന ഇ.കെ-യെ നിയമിക്കുകയും ടിയാരിയുടെ അറബിക് തസ്തികയിലെ നിയമനം 15.07.2019 മുതൽ പ്രൊബേഷണറിയായി അംഗീകരിക്കുകയും ചെയ്തു.(C/4909/2020 DT.01/01/2021. AEO Kunnamangalam)

പിന്നീട് 2023-24 വർഷത്തിലെ തസ്തിക നിർണ്ണയപ്രകാരം കുട്ടികളുടെ കുറവുമൂലം ടിയാരിയുടെ തസ്തിക 15/07/2023 മുതൽ നഷ്ടപ്പെട്ടു.

2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായി നിയമനാംഗീകാരം ലഭിച്ച് തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകർക്ക് ഡി. ജി. ഇ-യുടെ 05/08/2022 ലെ H2/10483/22നം. ഉത്തരവു പ്രകാരം സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു. എന്നാൽ ടിയാരി 15/07/2019 ന് പുനർ നിയമിക്കപ്പെട്ട് അംഗീകാരം നേടിയതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല എന്ന് സൂചന (2) പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയാരിയുടെ തസ്തിക 15/07/2023 ന് മാത്രമാണ് നഷ്ടപ്പെടുന്നത്. ടിയാരി 14/07/2013 വരെ മാത്രമേ സേവനത്തിൽ തുടരുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ളൂ എന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിതിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു .

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി